മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Issue : 1 THE OFFICIAL WEEKLY NEWS BULLETIN Vol. 1

SEASON OF EPIPHANY ദനഹാകാലം 2018 JANUARY

♪1 31 hadbšabo d botar yaldo 1st Sunday after Christmas	JANUARY	♪8 1 Gzurto (Circumcision of our Lord) New Year Day (Reshatho) Comme. of St. Basil the Great, St. Gregory & All Saintly Fathers and Malpans.	♪1 2	♪5 3 Oath of Koonan Kurissu 54th Memorial of Mar Baselius Geevarghese II Catholicos (Devalokam Catholicate Chapel)	♪1 4	♪5 5	♪2 6 Denaha Baptism of our Lord (Feast of the Epiphany)

Website: www.mosc.in
E-mail: catholicos@mosc.in

TELEPHONE: 0481-2574323, 2578500
FAX: 0481-2570569

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA PAULOSE II
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

ജനുവരി 2, 2018

അനുഗ്രഹസന്ദേശം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മാധ്യമ വിഭാഗത്തിന്റേതായി "മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് ന്യൂസ് ലെറ്റർ" എല്ലാ ആഴ്ചയും പ്രസിദ്ധീകരണം ആരംഭിക്കുന്നു എന്നറിയുന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്. സഭാ ജീവിതത്തെയും ആരാധനാ പൈതൃകത്തേയും സഭാ ചരിത്രത്തിന്റെ വഴികളെയും കാലികമായ പ്രബോധനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് പ്രയോജനകരമായ നിലയിൽ വിവരസാങ്കേതിക വിദ്യയുടെ പുരോഗതി പ്രയോജനപ്പെടുത്തി ഇങ്ങനെയൊരു പ്രസിദ്ധീകരണം ആരംഭിക്കുന്നത് ഏറെ അനുയോജ്യമായ സംഗതിയായി നാം മനസ്സിലാക്കുന്നു. നമ്മുടെ പുതിയ തലമുറയെ ക്രിസ്തുവിനോടും സഭയോടും ചേർത്തുനിർത്തുവാനും ആത്മീയ ജ്ഞാനത്തിന്റെ വഴികളിലേക്ക് അവരെ ആനയിക്കുവാനും ഈ പ്രസിദ്ധീകരണം മുഖാന്തിരമായിത്തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. ഇപ്പോൾ സഭയുടെ മാധ്യമ വിഭാഗത്തിന്റെ മുഖ്യ ചുമതലക്കാരനായിരിക്കുന്ന നമ്മുടെ സഹോദരൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും ബന്ധപ്പെട്ട മാധ്യമസമിതിയും ചേർന്നാരംഭിക്കുന്ന ഈ നവ ഉദ്യമത്തെ നാം ശ്ലാഘിക്കുകയും അവരുടെ ഈ പ്രയത്നം ഫലപ്രദമായി പുരോഗതി പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

Published By H.G.DR.GEEVARGHESE MAR YULIOS Media Department President - MOSC



നമ്മുടെ സഭയുടെ ഔദ്യോഗിക വാർത്താ മാദ്ധ്യമ വിഭാഗത്തിന്റേതായി ഒരു ന്യൂസ് ലെറ്റർ പുറത്തിറക്കുന്നു. സഭയുടെ പ്രധാനപ്പെട്ട വാർത്തകൾ ദിവസങ്ങളോളം കാത്തിരുന്ന് അറിയുന്നതിനേക്കാൾ ഈ ഡിജിറ്റൽ യുഗത്തിൽ ആഴ്ചതോറും ഡിജിറ്റൽ രൂപത്തിൽ ഒരു പത്രിക ഇറങ്ങേണ്ടത് ആവശ്യമെന്ന് തോന്നിയതിനാൽ പരി കതോലിക്കാ ബാവാ തിരുമേനിയുടെ അനുമതിയോടെയും അനുഗ്രഹാശിസുകളോടേയും ഈ സംരംഭത്തിന് മുതിരുന്നു. അതോടോപ്പം വിജ്ഞാനപ്രദങ്ങളാകുന്ന മറ്റു പംക്തികളും, ഓരോ ആഴ്ചയുടേയും ദിവസങ്ങളുടേയും പ്രത്യേകതകളും, ഇതിൽ ചേർക്കപ്പെടുന്നതായിരിക്കും. ഈ പത്രിക ലഭിക്കുന്ന ആർക്കും ഇത് പ്രിന്റ് ചെയ്യുവാനോ വിതരണം ചെയ്യുവാനോ അനുമതിയുണ്ടായിരിക്കും. 2018 ജനുവരി ആദ്യവാരത്തിൽ പരി സഭയെ നയിച്ച പരി. പിതാക്കന്മാരുടെ ഓർമ്മപെരുന്നാൾ ദിവസവും മലങ്കര സഭയുടെ പ്രഥമസ്വാതന്ത്ര്യ പ്രഖ്യാപനമായ കൂനൻകുരിശുസത്യത്തിന്റെ ഓർമ്മയും പുതുക്കുന്ന ഈ ജനുവരി 3-ാം തിയ്യതി ഇതു പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.ഒപ്പം എല്ലാ വർക്കും സന്തോഷപൂർണ്ണമായ പുതുവത്സരം ആശംസിക്കുന്നു.

H.G.DR. GEEVARGHESE MAR YULIOS METROPOLITIAN

ദനഹാ എന്ന പദത്തിന് ഉദയം എന്നാണർത്ഥം. യോർദ്ദാൻ നദിയിൽ യേശുവിന്റെ മാമ്മൂദീസാവേളയിൽ വി. ത്രിത്വം പ്രകാശിതമായി. 'സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും' എന്ന് ഏദനിൽ വെച്ച് യഹോവയാം ദൈവം സർപ്പത്തിന്മേൽ ചൊരിഞ്ഞ ശാപം യോർദ്ദാനിലെ സ്നാനം മൂലം നിറവേറി. ദനഹായുടെ ശുശ്രൂഷയിലും മാമ്മൂദീസായിലെ വെള്ളത്തിന്മേലുള്ള പ്രാർത്ഥനയിലും ഈ ശാപനിവൃത്തി സ്മരിക്കപ്പെടുന്നുണ്ട്. മനുഷ്യശരീര നിർമ്മിതിയിലെ പഞ്ചഘടകങ്ങളിൽ പ്രധാനഘടകം വെള്ളം ആണ്. മണ്ണ്, തേജസ്സ്, വായു, ആകാശം എന്നിവയാണ് മറ്റ് നാല് ഘടകങ്ങൾ. ഈ പഞ്ചഭൂതങ്ങളിൽ സാത്താൻ വസിക്കുന്നു എന്നും പാപവാസനയുടെ അടിസ്ഥാനകാരണം അതാണെന്നും മാമ്മൂദീസായിൽ പങ്കാളികൾ ആകുന്നതിലൂടെ ക്രിസ്തു എന്ന പോലെ നാമും സാത്താന്റെ തല - നമ്മിലെ പഞ്ചഭൂതങ്ങളിൽ ഒളിച്ചിരിക്കുന്ന സാത്താന്റെ തല - തകർക്കുകയാണ് ചെയ്യുന്നത്. സാത്താൻ തല തകർന്ന നിലയിൽ നമ്മിൽ വസിക്കുന്നു എങ്കിലും അവന്റെ ബലം കുറഞ്ഞിരിണ്ടക്കുന്നു. മരുഭൂമിയിൽ വച്ച് കർത്താവ് അവന്റെ പരീക്ഷകളെ ജയിച്ചതുണ്ടപോലെ നമുക്കും സാത്താന്യ പ്രലോഭനങ്ങളെ വിജയകരമായി മറികടക്കുവാൻ സാധിക്കും. മാമ്മൂദീസായിൽ നിന്ന് നാം പ്രാപിക്കുന്ന ആത്മാവിൽ നിന്നുള്ള ജനനവും വി. മൂറോൻ അഭിഷേകത്തിന്റെ പടച്ചട്ടയും സാത്താനുമായുള്ള യുദ്ധത്തിൽ, നാം ആഗ്രഹിക്കുന്നുവെങ്കിൽ, നമുക്ക് വിജയം നേടാനുള്ള ശക്തിയായ ആയുധങ്ങളാണ്. ദനഹാകാലം ഈ വസ്തുത നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നു. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ്, പഴയ മനുഷ്യനെ അവന്റെ ജഡാഭിലാഷങ്ങളോടൊപ്പം കുഴിച്ചിട്ട്, പുതിയ മനുഷ്യനായി ക്രിസ്തുവിനോടൊപ്പം തേജോമയമായ വസ്ത്രം ധരിച്ച് വെള്ളത്തിൽനിന്ന് കയറിയവരാണ് നാം എന്ന് ആവർണ്ടത്തിച്ച് ഓർക്കുവാൻ ദനഹാകാലം നമ്മെ സഹായിക്കുന്നു. ക്രിസ്തുവിനെ ധരിച്ചു എങ്കിലും മരുഭൂമിയിലേക്കു പോയ ക്രിസ്തുവിനെ, തകർന്ന തലയോടുകൂടി സാത്താൻ പിൻതുടർന്ന് പരീക്ഷിച്ചതുപോലെ നമ്മുടെ ജീവിതത്തിലും പരീക്ഷകൾ പ്രത്യക്ഷപ്പെടാം. എന്നാൽ നാം പ്രാപിച്ച ക്രിസ്തുവിന്റെ ആത്മാവിൽ പാകപ്പെടുത്തിയ ഇച്ഛാശക്തിയും മനഃണ്ടശക്തിയും ഉപയോഗിച്ച് അവനെ തോൽപിക്കാമെന്നും നാം ഈ കാലത്ത് ഓർണ്ടക്കുന്നു.

ക്രിസ്തുവിന്റെ പിറവി കഴിഞ്ഞ് മുപ്പത് വർഷം നാം പതിമൂന്ന് ദിവസങ്ങൾകൊണ്ട് സഞ്ചരിക്കുകയാണ്. ക്രിസ്തുവിന്റെ സ്പർശം യോർദ്ദാനിലെ ജലത്തെ പവിത്രീകരിച്ചതോടെ ഏദൻസംഭവം മൂലം പഞ്ചഭൂതങ്ങളിൽ സംഭവിച്ച വികലതകൾ, വൈകൃതങ്ങൾ ശുദ്ധീകരിക്കപ്പെട്ടു. മാമ്മൂദീസാ ഏറ്റവന്റെ സാന്നിദ്ധ്യം ജീവിതത്തിന്റെ സർവമേഖലകളെയും ശുദ്ധീകരിക്കുവാൻ പര്യാപ്തമായിത്തീരണമെന്ന് അന്നേദിവസം നടത്തുന്ന വെള്ളം വാഴ്വിന്റെ ക്രമം നമുക്ക് സന്ദേശം നൽകുന്നു. ഭൂമിയുടെ ഉപ്പും വെളിച്ചവും വിശുദ്ധിയും ആകാൻ, ഒരു പുതിയ ക്രിസ്തുവിന്റെ സാന്നിധ്യമാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു എന്ന സ്മരണ നമ്മെ കൂടുതൽ ജാഗ്രതയോടെ ക്രിസ്തു എന്ന തലയോളം വളരുവാൻ സഹായിക്കും.

പഞ്ചേന്ദ്രിയങ്ങളിൽ വാഴുന്ന ഭോഗേച്ഛകളെ കീഴ്പെടുത്തിയവരാണെന്ന ഓർമ്മപ്പെടുത്തൽ ജീവിതത്തെ തേജോമയമാക്കുവാൻ സഹായിക്കുന്നു. സമൂഹത്തിന് ഇരുട്ടുകളെയും ഇരുട്ടിന്റെ ശക്തികളെയും ചെറുക്കുവാൻ ധൈര്യം നൽകുന്നു. പാപത്തിന് മരിച്ചവനാണ് താനെന്നും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലേക്ക് വീണ്ടും ജനിച്ചവനാണ് താൻ എന്നുമുള്ള സ്വത്വബോധം അവനെ കൂടുതൽ ആഴമുള്ള ക്രിസ്തീയ ജീവിതം നയിക്കുവാൻ പ്രാപ്തനാക്കുന്നു.

മലങ്കരയിലെ മൂന്നാമത്തെ കാതോലിക്കായും ദേവലോകം കാതോലിക്കേറ്റ് അരമനയുടെ സ്ഥാപകനുമായ ഭാഗ്യസ്മരണാർഹനായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മദിനമാണ് ജനുവരി മൂന്ന്. ഇപ്പോൾ ദേവലോകം അരമനചാപ്പലിലെ പ്രധാന പെരുന്നാളും ഇതാണ്.

കുറിച്ചി കല്ലാശ്ശേരിൽ ഉലഹന്നാൻ-ആച്ചിയമ്മ ദമ്പതികളുടെ പുത്രൻ. ജനനം 16-6-1874. പേർ പുന്നൂസ്. 1890 ജൂൺ 1-ന് കോറൂയോ - കടവിൽ അത്താനാസ്യോസ്. 1892 ഏപ്രിൽ 25-ന് ശെമ്മാശ്ശൻ - കടവിൽ തിരുമേനി. 1898 നവം. 24 ന് (കോട്ടയം പഴയ സെമിനാരി) റമ്പാൻ - പരുമല മാർ ഗ്രിഗോറിയോസ്. 1911 സെപ്തം. 7-ന് കോട്ടയം എം. ഡി. അസോസ്യേഷൻ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1912 സെപ്തം. 8 ന് പരുമലയിൽ വച്ച് അബ്ദുൽ മശിഹാ ബാവാ മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാനാക്കി. നിരണത്തിന്റെ ചുമതല. 1929 ഫെബ്രു. 15 ന് കോട്ടയം ഏലിയാചാപ്പലിൽ വച്ച് പൗരസ്ത്യ കാതോലിക്കയായി സിനഡ് സ്ഥാനാരോഹണം നടത്തി. 1934 ഡിസം. 26 എം.ഡി. അസോസ്യേഷൻ മലങ്കര മെത്രാപ്പോലീത്താ ആയി തിരഞ്ഞെടുത്തു. സഭാസമാധാനത്തെ പ്രതി സിറിയയിൽ അപ്രേം പ്രഥമനെ സന്ദർശിച്ചു. സന്ദർശനം വിഫലമായി. 1932 ഏപ്രിൽ 22-നും 1951 ഏപ്രിൽ 20-നും മൂറോൻ കൂദാശകൾ കോട്ടയം പഴയസെമിനാരിയിൽ നടത്തി. ഒന്നാം കാതോലിക്കായുടെ സ്ഥാനാരോഹണം, ബഥനി ഈവാനിയോസിന്റെ മെത്രാൻവാഴ്ച, രണ്ടാം കാതോലിക്കാ, യൂയാക്കീം ഈവാനിയോസ് എന്നിരുടെ മെത്രാൻ വാഴ്ച, രണ്ടാം കാതോലിക്കാ വാഴ്ച എന്നിവയിൽ സഹകാർമ്മികൻ.

1929 ഫെബ്രു. 15-ന് ബഥനി ഈവാനിയോസിനെ മെത്രാപ്പോലീത്താ ആയി ഉയർത്തി. 1929 ഫെബ്രു. 26-ന് പാമ്പാടി മാർ ഗ്രിഗോറിയോസ്, ബഥനി തെയോഫിലോസ് ഇവരെ മെത്രാന്മാരാക്കി (മാർ ഏലിയാ ചാപ്പൽ). 1930 നവം. 3 ന് പരുമലയിൽ വച്ച് പുത്തൻകാവ് പീലക്സീനോസിനെ മെത്രാനായി വാഴിച്ചു. 1933 മെയ് 25 - ജോസഫ് സേവേറിയോസ് മെത്രാനായി (തിരുവല്ല ബഥനി). 1934 ജൂൺ 1 പാമ്പാടി ഗ്രിഗോറിയോസ്, പുത്തൻകാവ് പീലക്സീനോസ്, വാളക്കുഴി സേവേറിയോസ് എന്നിവരെ മെത്രാപ്പോലീത്തന്മാരാക്കി (കോട്ടയം പഴയസെമിനാരി). 1938. ഏപ്രിൽ 7 - അലക്സിയോസ് തേവോദോസിയോസ് മെത്രാൻ (കണ്ടനാട് കർമ്മേൽ ദയറ). 1940 മെയ് 6 - തോമ്മാ ദീവന്നാസ്യോസ് മെത്രാൻ (പുതിയകാവ്). 1941 ഏപ്രിൽ 8 - തേവോദോസ്യോസ്, ദീവന്നാസ്യോസ് എന്നിവരെ മെത്രാപ്പോലീത്തന്മാരാക്കി (ആലുവാ യു. സി. കോളജ് ചാപ്പൽ). മാർ ബസ്സേലിയോസ് യൽദൊ, പരുമല മാർ ഗ്രിഗോറിയോസ് എന്നിവരെ പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു.

1953 മെയ് 15 - പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസ്യോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവരെ മെത്രാന്മാരാക്കി (കോട്ടയം ഏലിയാ ചാപ്പൽ). 1959 ജൂലൈ 12 അഞ്ചു പേരെയും മെത്രാപ്പോലീത്തന്മാരാക്കി (കോട്ടയം പഴയസെമിനാരി). 1942 ഒക്ടോ. 9-ന് ഔഗേൻ തീമോത്തിയോസിനെയും 1958 ഡിസം. 16-ന് മാർ ഗ്രിഗോറിയോസ്, മാർ സേവേറിയോസ്, മാർ ക്ലിമ്മീസ്, മാർ പീലക്സീനോസ് എന്നിവരെയും കാതോലിക്കേറ്റിലേക്ക് സ്വീകരിച്ചു. ദേവലോകം കാതോലിക്കാമാരുടെ ആസ്ഥാനമാക്കിയത് ഇദ്ദേഹമാണ്. പെങ്കീസാ സുറിയാനി നമസ്ക്കാരക്രമങ്ങൾ 2 വാല്യമായി അച്ചടിച്ചു. 1958-ൽ അന്ത്യോഖ്യാ പാത്രിർക്കീസിനെ ഭരണഘടനയ്ക്ക് വിധേയമായി സ്വീകരിച്ച് സഭയിൽ സമാധാനം ഉണ്ടാക്കി. എഡിൻബറോ സമ്മേളനത്തിൽ പങ്കെടുത്തു. 1964 ജനുവരി 3-ന് കാലം ചെയ്തു. ദേവലോകം അരമനചാപ്പലിൽ കബറടങ്ങി.

മലങ്കര നസ്രാണി ക്രിസ്ത്യാനികളുടെ വിശ്വാസത്തേയും പാരമ്പര്യങ്ങളെയും തച്ചുടയ്ക്കാൻ ശ്രമിച്ച വൈദേശിക ശക്തികളുടെ പ്രവർത്തനങ്ങൾക്കെതിരെ പൂർവ്വീകപിതാക്കന്മാർ മാർത്തോമ്മാ നസ്രാണികളുടെ സ്വാതന്ത്ര്യവും മലങ്കര സഭയുടെ പൌരാണികതയും മുറുകെപ്പിടിക്കുവാൻ വേണ്ടി മട്ടാഞ്ചേരിയുടെ മണ്ണിൽ 1653 ജനുവരി 3 തീയതി വെള്ളിയാഴ്ച കൽക്കുരിശിൽ ആലാത്ത് കെട്ടി മാറ് പിളരുമാറ് ഉച്ചത്തിൽ ഏറ്റുപറഞ്ഞ വിശ്വാസ പ്രഖ്യാപനമാണ് കൂനിൻകുരിശ് സത്യം .ഈ വിശ്വാസ പ്രഖ്യാപനത്തിന്റെ 365-മത് സ്മരണാദിനമാണ് ജനുവരി 3

കൈസറിയായിലെ മെത്രാനായിരുന്ന മാർ ബസേലിയോസ്, സഹോദരൻ നിസായിലെ മാർ ഗ്രീഗോറിയോസ്, സുഹൃത്തായ നാസിയൻസിലെ മാർ ഗ്രീഗോറിയോസ് എന്നിവർ പൊതുവായി കപ്പദോക്യൻപിതാക്കന്മാർ എന്നാണ് അറിയപ്പെടുന്നത്. മാർ ബസേലിയോസിന്റെ മൂത്ത സഹോദരിയും, സഹോദരന്മാരുടെ വിശ്വാസമാർഗ്ഗദർശിനിയുമായ വി. മക്രീനയെയും കൂടി ചേർത്തെങ്കിലേ കപ്പദോക്യൻപിതാക്കന്മാരുടെ ഗണം പൂർണ്ണമാകൂ. സന്ന്യാസപ്രസ്ഥാനത്തിലും വേദശാസ്ത്രചിന്തയിലും സഭാഭരണരംഗത്തും തന്റെ പ്രാഗത്ഭ്യം തെളിയിച്ച മാർ ബസേലിയോസ് *വലിയ മാർ ബസേലിയോസ്* എന്നാണ് അറിയപ്പെടുന്നത്. അത്യുജ്ജ്വലവാഗ്മിയും വേദശാസ്ത്രപണ്ഡിതനുമായ നാസിയാൻസിലെ ഗ്രീഗോറിയോസ് *ദൈവശാസ്ത്രജ്ഞനായ മാർ ഗ്രീഗോറിയോസ്* എന്നാണ് അറിയപ്പെടുന്നത്. *നിസായുടെ നക്ഷത്രം* എന്നാണ് മാർ ബസേലിയോസിന്റെ സഹോദരനായ നിസായിലെ മാർ ഗ്രീഗോറിയോസ് അറിയപ്പെടുന്നത്.

ബഥനി ലെഗസി ക്യാമ്പ്

മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസം, ആരാധന, ചരിത്രം എന്നിവയുടെ പഠനത്തിനായി ബഥനി ആശ്രമം നടത്തിവരുന്ന ബഥനി ലെഗസി ക്യാമ്പ് 2018 ജനുവരി 5,6,7 എന്നീ തിയ്യതികളിൽ കുന്നംകുളം ബഥനി ആശ്രമത്തിൽ വച്ച് നടത്തപ്പെടുന്നു. 5-ാം തിയ്യതി വെള്ളിയാഴ്ച സന്ധ്യാനമസ്ക്കാരത്തോടെ ക്യാമ്പ് ആരംഭിക്കുകയും 7-ാം തിയ്യതി ഉച്ചയ്ക്ക് 12 മണിയോടെ അവസാനിക്കുന്നതുമായിരിക്കും

അഭിവന്ദ്യ തിരുമേനിമാരും സഭാചരിത്ര, വേദശാസ്ത്ര പണ്ഡിതരുംർ സംബന്ധിക്കുന്നു.

കുന്നംകുളത്തെ പുരാതനപള്ളികളും പിണ്ടിപ്പെരുന്നാളും (ദനഹാ) അടുത്തറിയുന്നതിനും അവസരമുണ്ടായിരിക്കും. പ്രവേശനം സൗജന്യം, പുരുഷന്മാർക്കും സ്ത്രീകൾക്കും പങ്കെടുക്കാം.

Contact : 94 00 510 811, 790 775 6344

പെരുന്നാളുകൾ

പരി ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ 54-ാം ഓർമ്മപെരുന്നാൾ

കുറിച്ചി വലിയപള്ളി

പരി ബാവാതിരുമേനിയുടെ മാതൃ ദേവാലയമായ കുറിച്ചി വലിയപള്ളിയിൽ ഡിസംബർ 24 മുതൽ ജനുവരി 2 വരെയുള്ള തിയ്യതികളിൽ ആഘോഷിച്ചു ശുശ്രൂഷകൾക്ക് കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മുഖ്യകാർമ്മികത്വം വഹിച്ചു

സെന്റ് ജോർജ്ജ് പള്ളി, കുന്നംകുളം

കുന്നംകുളം പാറയിൽ സെന്റ് ജോർജ്ജ് പള്ളിയിൽ പരി ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാതിരുമേനിയുടെ ഓർമ്മപെരുന്നാൾ ജനുവരി 2.3 തിയ്യതികളിൽ കൊണ്ടാടി. പെരുന്നാൾ ശുശ്രൂഷകൾക്ക് കുന്നംകുളം ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭി ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് പ്രധാനകാർമികത്വം വഹിച്ചു

ചുനക്കര മാർ ബസേലിയോസ് ഗ്രിഗോറിയോസ് പള്ളി

മാവേലിക്കര - 2017 ഡിസംബർ 24 മുതൽ ജനുവരി 2 വരെ - ചുനക്കര മാർ ബസേലിയോസ് ഗ്രിഗോറിയോസ് പള്ളി - മാർ ബസേലിയോസ് ഗ്രിഗോറിയോസ് പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ - നിരണം ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ മുഖ്യകാർമികത്വം വഹിച്ചു.

ദേവലോകം പെരുന്നാൾ സമാപനം

ദേവലോകം പെരുന്നാൾ സമാപിച്ചു

മലങ്കര ഓർത്തഡോക്സ് സഭയുടെ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അര മനചാപ്പലിൽ കബറടങ്ങിയിട്ടുള്ള പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും, പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെയും, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെയും സംയുക്ത ഓർമ്മപ്പെരുന്നാൾ സമാപിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മീകത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും, കബറിങ്കൽ ധൂപപ്രാർത്ഥനയും നടന്നു. സഭയിലെ മെത്രാപ്പോലീത്താമാർ സഹകാർമ്മികരായിരുന്നു. കൂര്യാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്ത അനുസ്മരണ പ്രസംഗം നടത്തി. സഭയുടെ മാധ്യമവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ പ്രസിദ്ധീകരിക്കുന്ന ഓർത്തഡോക്സ് 'ന്യൂസ് ലെറ്റർ' ആദ്യ പ്രതി കുര്യാക്കോസ് മാർ ക്ലീമിസിന് നൽകികൊണ്ട് പരിശുദ്ധ കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു.

ഇസഡ് എം. പാറേട്ട് രചിച്ച കുനൻ കുരിശ് സത്യം കെ.വി. മാമ്മൻ രചിച്ച മലങ്കരയിലെ കാതോലിക്കാമാർ എന്നീ ഗ്രന്ഥങ്ങളുടെ പുന:പ്രസിദ്ധീകരണം അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മന് കോപ്പികൾ നൽകി സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ഫാ. എം. കെ. കുര്യൻ, ഫാ. അലക്സ് ജോൺ എന്നിവർ പ്രസംഗിച്ചു.

പ്രൊഫ. പി.സി. ഏലിയാസ്
പി.ആർ.ഒ

കുറിച്ചി - പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാൾ.

(പ. പിതാവിന്റെ മാതൃദേവാലയം) ഡിസംബർ 24 മുതൽ ജനുവരി 2 ന്. കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മുഖ്യ കാർമ്മികത്വം വഹിച്ചു.

കാരാട്ടുകുന്നേൽ പള്ളി പെരുന്നാൾ

കാരാട്ടുകുന്നേൽ സെന്റ് മേരീസ്ഓർത്തഡോക്സ് പള്ളിയുടെ 107 മത്വലിയ പെരുന്നാൾ ജനുവരി 5,6 തിയ്യതികളിൽ പെരുന്നാൾ ശുശ്രൂഷകൾക്ക് പരിശുദ്ധ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ, മുഖ്യ കാർമ്മികത്വം വഹിക്കും.

വാകത്താനം പള്ളി പെരുന്നാൾ

വാകത്താനം സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി പെരുന്നാൾ - ജനുവരി 9, 10 തിയ്യതികളിൽ ആഘോഷിക്കും

കേരള സർക്കാർ നാമനിർദേശം ചെയ്തു.

ശ്രീ സാം പൈനുംമൂടി -കേരള സർക്കാർ പുതിയതായി രൂപീകരിക്കുന്ന ലോക കേരള സഭയിലേക്ക് കുവൈത്തിൽ സാംസ്കാരിക പ്രവർത്തകനും എഴുത്തുകാരൻ. സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തോഡോക്സ് മഹാ ഇടവക അംഗംകൂടിയായ സാം പൈനമൂടിനെ കേരള സർക്കാർ നാമനിർദേശം ചെയ്തു.